5933
22/3/18

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- ' ട്രാൻസ്ജെന്റേഴ്സിനുള്ള വിദ്യാഭ്യാസ പദ്ധതി തുടർ പ്രവർത്തനത്തിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ.(സാധാ) നം. 145 /2018/സാനീവ തീയതി, തിരുവനന്തപുരം 20.03.2018

---

പരാമര്ശം: (1)03.06.2017 ലെ സ.ഉ(സാധാ)നം.356/2017/സാനീവ

(2) സാമൂഹ്യനീതി ഡയറക്ടറുടെ 07.02.2018 ലെ സി2-10250/2017 നമ്പർ കത്ത്.

(3) 19.02.2018 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്

**ഉത്തരവ്**

ട്രാൻസ്ജെന്റർ പോളിസി ഫലപ്രദമായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതിന്റെ ഭാഗമായി ട്രാൻസ്ജെന്റേഴ്സിനായി കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റി നടപ്പാക്കി വരുന്ന സമന്വയ തുടർ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി സർവ്വേ നടത്തുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ടി സർവ്വേ പ്രകാരം തുടർ വിദ്യാഭ്യസ പദ്ധതിയിൽ പങ്കാളികളാകാൻ താല്പര്യമുള്ള 918 ട്രാൻസ്ജെന്റേഴ്സിനെ കണ്ടെത്തിയതായും ഇതിൽ 145 പേർ നിലവിൽ സാക്ഷരതാ - തുല്യത കോഴ്സിൽ ചേർന്നതായും അറിയിച്ചിട്ടുണ്ട്. ടാൻസ്ജെന്ററുകൾക്ക് നാലാം തരം, ഏഴാം തരം, പത്താംതരം, ഹയർ സെക്കന്ററി എന്നീ തുല്യത കോഴ്സുകളിൽ പഠിക്കുന്ന സ്കോളർഷിപ്പ് നൽകുക, പഠന കാലയളവിൽ താമസിക്കുന്നതിനുള്ള ഷെൽട്ടർ ഹോമുകൾ ഒരുക്കുക, തൊഴിൽ പരിശീലനം നടത്തുക എന്നിവയുള്ള പ്രൊപ്പസലാണ് സാക്ഷരതാ മിഷൻ അതോറിറ്റി നൽകിയിട്ടുള്ളതെന്നും ഇതിനായി നടപ്പ സാമ്പത്തിക വർഷം ആകെ 35,00,000/- രൂപ ആവശ്യമായി വരുമെന്നും, ഇതിലേയ്ക്കാവശ്യമായ തുക നടപ്പ സാമ്പത്തിക വർഷം 2235-60-200-64 (പി) ശീർഷകത്തിൽ നിന്നും വഹിയ്ക്കാവുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2) 19.02.2018 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം ഈ പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.

3)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 918 ട്രാൻസ്ജെൻഡേഴ്സിനായി കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റി നടപ്പാക്കി വരുന്ന സമന്വയ തുടർ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സാക്ഷരതാ മിഷൻ അതോറിറ്റി സമർപ്പിച്ച പ്രൊപ്പോസലിന് അനുമതി നൽകിയും ഇതിലേയ്ക്കാവശ്യമായ തുകയായ 35,00,000/- (മുപ്പത്തിയഞ്ച് ലക്ഷം രൂപ) നടപ്പ സാമ്പത്തിക വർഷം 2235-60-200-64 (പി) ശീർഷകത്തിൽ നിന്നും വഹിയ്ക്കാവുന്നതിനും ടി തുക കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റിക്ക് മാറി നൽകുന്നതിനും അനുമതി നല്കിയും ഇതിനാല് ഉത്തരവാകുന്നു..

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ലീലാമണി കെ.എം
അഡീഷണൽ സെക്രട്ടറി
സാമൂഹ്യനീതി

സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ